# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.365 27-02-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. അൻവർ സാദത്ത് ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**കിഫ്ബിയിൽ ചീഫ് പ്രോജക്ട് എക്സാമിനറുടെ തസ്തിക**

| | | |
|---|---|---|
| (എ) | ധനപ്രതിസന്ധിയുള്ളതിനാൽ ശമ്പളം, പെൻഷൻ ചെലവുകൾ ഉയരുന്നത് സർക്കാരിന് താങ്ങുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കിയിട്ടുണ്ടോ; | സർക്കാരിന്റെ വരവിന്റെയും ചെലവിന്റെയും നിരക്കിന്റെ അന്തരം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. തത്ഫലമായി 2107-18-ൽ ചെറിയ തോതിലെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. എന്നിരുന്നാലും സർക്കാർ കൈക്കൊണ്ട ക്രിയാത്മകമായ നടപടികളിലൂടെ ശമ്പളം, പെൻഷൻ അടക്കമുള്ള ഒഴിച്ചുകൂടാനാകാത്ത ബാദ്ധ്യതകളും സാമൂഹ്യക്ഷേമ, വികസന, പദ്ധതി ചെലവുകളും ഭംഗം കൂടാതെ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാഹചര്യം നേരിടുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | വരുമാനം വർദ്ധിപ്പിക്കേണ്ടതോടൊപ്പം പദ്ധതിയിതര ചെലവുകൾ ചുരുക്കേണ്ടതുമുള്ളതിനാൽ അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. പുനർ വിന്യാസം കൊണ്ട് പരിഹരിക്കുവാൻ സാധിക്കുമെങ്കിൽ അതിന്റെ സാധ്യത പ്രയോജനപ്പെടുത്തും. |
| (സി) | കിഫ്ബിയിൽ ചീഫ് പ്രോജക്ട് എക്സാമിനറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ; പ്രസ്തുത തസ്തികകയ്ക്ക് പ്രതിമാസം എത്ര രൂപയാണ് ശമ്പളമായി നിശ്ചയിച്ചിട്ടുള്ളത് ; | ഉണ്ട്. രൂപ 85,000-1,17,600 ആണ് ഇതിന്റെ ശമ്പള സ്കെയിലായി ഡപ്യൂട്ടേഷൻ നിയമനത്തിന് 14-02-2017-ലെ സ.ഉ. (കൈ) നം.77/2017/ധന ഉത്തരവിൽ നിശ്ചയിച്ചിരുന്നത്. എന്നാൽ 10-10-2017-ലെ സ.ഉ. (സാധാ) നം.7601/2017/ധന ഉത്തരവുപ്രകാരം പ്രതിമാസ കൺസോളിഡേറ്റഡ് ശമ്പളമായി 2.30 ലക്ഷം (രണ്ടുലക്ഷത്തി മുപ്പതിനായിരം രൂപ) രൂപയാണ് കരാർ വ്യവസ്ഥയിലുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | ഈ തസ്തികയ്ക്ക് പ്രതിവർഷ ഇൻക്രിമെന്റ് എത്രയായി ആണ് നിശ്ചയിച്ചിട്ടുള്ളത് ; | നിലവിലെ കരാർ വ്യവസ്ഥയിലുള്ള നിയമനത്തിന് പ്രതിവർഷം 10% മാണ് ഇൻക്രിമെന്റായി നിശ്ചയിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| (ഇ) | ആരെയാണ് പ്രസ്തുത തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്; അദ്ദേഹത്തിന്റെ യോഗ്യത എന്താണ് ; കിഫ്ബിയുടെ നിയമന ചട്ടപ്രകാരം സുപ്രധാന പദവികളിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തണമെന്ന് വ്യവസ്ഥയുള്ളപ്പോൾ ചീഫ് പ്രോജക്ട് എക്സാമിനറുടെ തസ്തികയിൽ കരാർ നിയമനം നടത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ ? | കേന്ദ്ര സർക്കാർ സ്ഥാപനമായ ബി.എസ്.എൻ.എല്ലിൽ നിന്നും സ്വയം വിരമിക്കൽ പദ്ധതി പ്രകാരം വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ.എസ്.ജെ. വിജയദാസിനെയാണ് കിഫ്ബിയിൽ ചീഫ് പ്രോജക്ട് എഞ്ചിനീയറുടെ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. എംബിഎ (മാനേജ്മെന്റ്), എം.ടെക് (സിവിൽ) എന്നിവയാണ് അപേക്ഷപ്രകാരമുള്ള അദ്ദേഹത്തിന്റെ യോഗ്യതകൾ.<br><br>കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിയിൽ ചീഫ് പ്രോജക്ട് എക്സാമിനർ തസ്തിക, ഡെപ്യൂട്ടേഷൻ മുഖേന നികത്താനാണ് 14-02-2017-ലെ സ.ഉ. (കൈ) നം.77/2017/ധന ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിലോ കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിലോ 20 വർഷമെങ്കിലും സേവന പരിചയമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിലുള്ളവരെയാണ് ടി തസ്തികയിലേയ്ക്ക് നിശ്ചയിച്ചത്. എന്നാൽ പത്രപരസ്യത്തിലൂടെ ലഭിച്ച അപേക്ഷകളിൽ യോഗ്യമായത് ശ്രീ.എസ്.ജെ. വിജയദാസിന്റേതുമാത്രമാണ്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അധിക ചുമതല ഉൾപ്പെടെ സംസ്ഥാന ധനകാര്യ വകുപ്പിൻ കീഴിൽ അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മുൻകാലയളവിൽ ശ്രീ.എസ്.ജെ. വിജയദാസ് സേവനമനുഷ്ടിച്ചിട്ടുള്ളതിനാൽ അദ്ദേഹത്തിന്റെ മാതൃവകുപ്പായ ബി.എസ്.എൻ.എൽ, വീണ്ടും ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനത്തിനുള്ള അപേക്ഷ നിരസിച്ചു. ഡെപ്യൂട്ടേഷൻ നിയമനം അസാധ്യമായതിനാൽ സ്വയം വിരമിക്കൽ പദ്ധതിയിലൂടെ ബി.എസ്.എൻ.എല്ലിൽ നിന്നും വിരമിച്ച് കിഫ്ബിയിൽ 2.50 ലക്ഷം (രണ്ടുലക്ഷത്തി അമ്പതിനായിരം രൂപ) രൂപ ശമ്പളത്തോടെ ജോലി ചെയ്യാൻ താല്പര്യപ്പെട്ട് ശ്രീ.എസ്.ജെ. വിജയദാസ് അപേക്ഷ സമർപ്പിച്ചു. ചീഫ് പ്രോജക്ട് എക്സാമിനറുടെ നിയമനം തന്ത്രപ്രധാനമായതിനാലും പല കിഫ്ബി പദ്ധതികളുടെയും നിർവ്വഹണ പ്രക്രിയകൾ ആരംഭിച്ചതിനാൽ നിയമനം അടിയന്തിരമായി നടത്തേണ്ട സാഹചര്യത്തിലും, അദ്ദേഹത്തെപ്പോലെ അനുഭവ സമ്പത്തുള്ള ഒരാളുടെ സേവനം ഏറ്റവും അഭികാമ്യമായതിനാലും പ്രസ്തുത അപേക്ഷ പരിഗണിക്കുവാൻ ബോർഡ് തീരുമാനിച്ചു. എന്നാൽ 14-02-17-ലെ ഉത്തരവിന്റെ |

| | | |
|---|---|---|
| | | വ്യവസ്ഥയിൽനിന്നും വ്യതിചലിച്ചുള്ള നിയമനമായതിനാൽ ഇക്കാര്യം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും മന്ത്രിസഭാ യോഗം ഇത് അംഗീകരിക്കുകയും ചെയ്തു. മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 10-10-17-ലെ സ.ഉ(സാധാ) നം. 7601/2017/ധന പ്രകാരം ശ്രീ.എസ്.ജെ. വിജയദാസിനെ 2.30 ലക്ഷം (രണ്ട് ലക്ഷത്തി മുപ്പതിനായിരം രൂപ) രൂപ പ്രതിമാസ ശമ്പളത്തിൽ 10% വാർഷിക ഇൻക്രിമെന്റോടുകൂടി കിഫ്ബിയിലെ ഇൻസ്പെക്ഷൻ അതോറിറ്റിയിൽ ചീഫ് പ്രോജക്ട് എക്സാമിനറായി മൂന്നുവർഷ കരാർ വ്യവസ്ഥയിൽ നിയമനം നൽകുകയും ബി.എസ്.എൻ.എൽ-ലിൽ നിന്നും സ്വയം വിരമിക്കൽ പദ്ധതി പ്രകാരം വിരമിച്ച് 2-11-2017-ൽ ശ്രീ.എസ്.ജെ. വിജയദാസ് കിഫ്ബിയിൽ ചുമതലയേൽക്കുകയും ചെയ്തു. |

അക്കൗണ്ട്സ് ഓഫീസർ